(സി) സുനാമി*ദുരന്തം മൂലമുണ്ടായ പ്രതിസന്ധി അതിജീവിക്കാൻ ടൂറിസം മേഖലയ്ക്ക് കഴിഞ്ഞിട്ടുണ്ടോ;

(ഡി) ഇതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ കെ. സി. വേണുഗോപാൽ)*:

(എ) ഇത് സംബന്ധിച്ച് പ്രത്യേക പഠനം നടത്തിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി) കേരളാ ടൂറിസത്തെ സുനാമി ബാധിച്ചിട്ടില്ല എന്ന വസ്തുതയും കേരള തീരങ്ങൾ തീർത്തും സുരക്ഷിതവും സാംക്രമികരോഗ വിമുക്തവും സഞ്ചാരികൾ പൂർണ്ണസുരക്ഷിതരാണെന്നും ഉള്ള വിവരം ഇന്ത്യൻ എംബസികൾ വഴിയും കേന്ദ്ര സർക്കാരിന്റെ ടൂറിസ്റ്റ് ഓഫീസുകൾ വഴിയും ടൂറിസം വകുപ്പിന്റെ വെബ് സൈറ്റ് വഴിയും ടൂറിസം മേഖലയെ അറിയിക്കുകയുണ്ടായി. കൂടാതെ അറിയപ്പെടുന്ന ടൂർ ഓപ്പറേറ്റർമാർ, ഹോട്ടലുകൾ, ട്രാവൽ ഏജന്റുമാർ, എന്നിവരെ നേരിട്ടും അറിയിക്കുകയുണ്ടായി. സുനാമി ദുരന്തത്തിനുശേഷം കേരളം എത്രമാത്രം സുരക്ഷിതമാണെന്ന് ബോദ്ധ്യപ്പെടുത്തുന്ന ടി. വി. പരസ്യങ്ങൾ നിർമ്മിച്ച് പ്രശസ്ത മായ ബി. ബി. സി., സി. എൻ. എൻ. സ്റ്റാർ നാഷണൽ ജിയോഗ്രഫി തുടങ്ങിയ ചാനലുകളിൽ പരസ്യപ്പെടുത്തുകയുണ്ടായി. ഇതു കൂടാതെ 10 ലക്ഷം ഇ-മെയിൽ അന്വേഷണത്തിന് മറുപടി നൽകിയിട്ടുണ്ട്.

വൈദ്യുത റഗുലേറ്ററി കമ്മിഷൻ പുറപ്പെടുവിച്ച സപ്ലൈ കോഡ്

*8 [54] *ശ്രീ. വി. കെ. ചന്ദ്രൻ:*

„ *മത്തായി ചാക്കോ:*

„ *പി. സി. ജോർജ്ജ്:*

„ *കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുത റഗുലേറ്ററി കമ്മിഷൻ, ഇലക്ട്രിസിറ്റി ആക്ട് 2003-ന്റെ അടിസ്ഥാനത്തിൽ സപ്ലൈ കോഡ് പുറപ്പെടുവിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോസ്റ്റ് ആവശ്യമുള്ള വൈദ്യുതി കണക്ഷന് മുൻഗണന ലഭിച്ചിരുന്ന വിഭാഗങ്ങൾക്ക് നൽകി വന്നിരുന്ന ആനുകൂല്യം സപ്ലൈ കോഡിൽ ഒഴിവാക്കിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വൈദ്യുതി കണക്ഷൻ ആവശ്യമുള്ളവർക്ക് അതിനാവശ്യമായ മുഴുവൻ ചെലവും കെട്ടിവച്ചാൽ മാത്രമേ രജിസ്റ്റർ ചെയ്യാനും കണക്ഷൻ ലഭിക്കാനും സാധ്യമാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ഡി) സാമൂഹ്യ നീതി ഉറപ്പുവരുത്തും വിധം സാധാരണക്കാർക്കും ദുർബല ജനവിഭാഗങ്ങൾക്കും വൈദ്യുതി കണക്ഷൻ ലഭ്യത തുടർന്നും ഉറപ്പുവരുത്താൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്)*:

(എ) ഉണ്ട്.

(ബി) & (സി) ഇലക്ട്രിസിറ്റി ആക്ട് 2003-ലെ വകുപ്പ് 46 പ്രകാരവും റഗുലേറ്ററി കമ്മിഷൻ പുറപ്പെടുവിച്ച സപ്ലൈ കോഡ് 2005-ലെ വകുപ്പ് 7 പ്രകാരവും വൈദ്യുതി കണക്ഷൻ നൽകുന്നതിന് വേണ്ടി വരുന്ന ന്യായമായ ചെലവ് ഉപഭോക്താക്കളിൽ നിന്നും ഈടാക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 500 വാട്ടിൽ താഴെ കണക്ടഡ് ലോഡുള്ള ബി. പി. എൽ. വിഭാഗക്കാരെയും 1000 വാട്ടിന് താഴെ കണക്ടഡ് ലോഡുള്ള എസ്. സി./എസ്. ടി. വിഭാഗക്കാരെയും കണക്ഷനുകൾക്ക് ഈ നിബന്ധനയിൽ നിന്ന് ഒഴിവാക്കുന്നതിന് വ്യവസ്ഥയുണ്ട്. ഇതിനു പുറമേ യുക്തമാണെന്ന് തോന്നുന്ന വിഭാഗങ്ങളെ ഇതിൽ നിന്ന് ഒഴിവാക്കാനും സർക്കാരിന് അവകാശമുണ്ട്.

(ഡി) സാമൂഹ്യ നീതി ഉറപ്പുവരുത്തും വിധം സാധാരണക്കാർക്കും ദുർബല ജനവിഭാഗങ്ങൾക്കും വൈദ്യുതി കണക്ഷൻ ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള വകുപ്പുകൾ സപ്ലൈ കോഡിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന പ്രധാന മന്ത്രിയുടെ ഗ്രാമീണ യോജന എന്നീ കേന്ദ്ര സഹായ പദ്ധതികൾ പ്രകാരം വൈദ്യുതി എത്താത്ത ഗ്രാമീണ മേഖലകളിലേക്ക് സൗജന്യമായി വൈദ്യുതി എത്തിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായിട്ടുള്ള പ്രത്യേക പദ്ധതികളും നിലവിലുണ്ട്. ഇതിനുപുറമെ നോർമൽ കണക്ഷനുകളും ഇതിൽനിന്നൊഴിവാക്കാൻ നടപടി കൈക്കൊണ്ടുവരുന്നു.

പാചകവാതക വിതരണത്തിലെ ക്രമക്കേടുകൾ

*9 [55] *ശ്രീ. വി. ജെ. പൗലോസ്:*
„ *ജി. കാർത്തികേയൻ:*
„ *ഇ. എം. അഗസ്തി:*
„ *പ്രയാർ ഗോപാലകൃഷ്ണൻ:*
„ *ജി. പ്രതാപവർമ്മ തമ്പാൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly